**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 166** **08-08-2023 - ൽ മറുപടിയ്ക്ക്**

**ശ്രുതിതരംഗം പദ്ധതിയിലേക്കുള്ള പുതിയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ശ്രുതിതരംഗം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലേയ്ക്ക് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2023-24 സാമ്പത്തിക വർഷം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കി വന്നിരുന്ന ശ്രുതിതരംഗം പദ്ധതി, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കാൻ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി മുഖാന്തിരം സർജറി നടത്തിപ്പിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കി വരുന്നുണ്ട്. പദ്ധതിയോടനുബന്ധിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്കു ലഭിച്ച 52 അപേക്ഷകൾ സംസ്ഥാനതല ടെക്നിക്കൽ കമ്മറ്റി പരിശോധിച്ച് സർജറിക്കായുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ, ചികിത്സ നൽകുന്ന എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ വഴി ലഭിക്കുന്ന പുതിയ അപേക്ഷകളും പരിഗണിക്കുന്നതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ഇംപ്ലാന്റുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ടെൻഡർ നടപടികൾക്കായി KMSCL -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോസസ്സർ അപ്ഗ്രഡേഷൻ ആവശ്യമായുള്ള, ലഭ്യമായിട്ടുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി 59,47,500/- രൂപ KSSM ന് കൈമാറിയിട്ടുണ്ട്. |
| (ബി) | കാലപ്പഴക്കം ചെന്നതും, തകരാറിലായതുമായ കോക്ലിയാർ ഇംപ്ലാന്റ് ഉപകരണം മാറ്റി വെയ്ക്കേണ്ട കുട്ടികളുടെ എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ഉള്ളതെന്ന് അറിയിക്കാമോ? | (ബി) | മറുപടി എ പിരിവിൽ രേഖപ്പെടുത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ